**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1070** **07-12-2022 - ൽ മറുപടിയ്ക്ക്**

**ചൊവ്വര ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം പഞ്ചായത്തുകളിലേയും പറവൂർ നിയോജക മണ്ഡലത്തിലെ ചേന്ദമംഗലം, വടക്കേക്കര, ഏഴിക്കര പഞ്ചായത്തുകളിലേയും ശുദ്ധജലവിതരണ പദ്ധതിയുടെ സ്രോതസായ ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി അംഗീകാരം ലഭിച്ച 482.50 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ നിജസ്ഥിതി വിശദമാക്കുമോ; | (എ) | പള്ളിപ്പുറം, കുഴിപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, ചേന്നമംഗലം, കോട്ടുവള്ളി, ഏഴിക്കര, ചിറ്റാറ്റുകര, വടക്കേക്കര എന്നീ പഞ്ചായത്തുകളിലെ ശുദ്ധ ജലവിതരണ പദ്ധതിയുടെ സ്രോതസ്സായ ആലുവ പി എച്ച് ഡിവിഷന് കീഴിലുള്ള ചൊവ്വര ജലശുദ്ധീകരണ ശാലയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ടി പഞ്ചായത്തുകൾക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ നിന്നും ലഭിച്ച ഭരണാനുമതി തുകയിൽ നിന്നും ബാക്കി വന്ന തുകയായ 482.50 ലക്ഷം രൂപ വിനിയോഗിച്ച പ്രവർത്തിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ചൊവ്വര ശുദ്ധീകരണ ശാലയിൽ അടിക്കടിയുണ്ടാവുന്ന വൈദ്യുതിപ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (ബി) | അടിക്കടി ഉണ്ടാകുന്ന വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി. അധികാരികളുമായി ആശയവിനിമയം നടത്തുകയും വാട്ടർ അതോറിറ്റിക്ക് മാത്രമായി ഒരു ഡെഡിക്കേറ്റഡ് ലൈൻ സ്ഥാപിക്കുന്നതിനായി 2.54 കോടി രൂപ 2006 ൽ അടച്ചിട്ടുള്ളതും അതിനെ തുടർന്ന് ഗാന്ധിപുരം വഴി കെ.ഡബ്ല്യൂ.എ. ചൊവ്വര ശുദ്ധീകരണ ശാലയിലേക്ക് ഓവർ ഹെഡ് ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ HT ലൈൻ സ്ഥാപിച്ചിട്ടുള്ള പോസ്റ്റിൽ കൂടി പിൽക്കാലത്തു LT ലൈൻ കൂടി വലിച്ച് പ്രാദേശികമായി കെ.എസ്.ഇ.ബി. വിതരണം നടത്തുമ്പോൾ LTലൈനിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കായി സപ്ലൈ ഓഫ് ചെയ്യുന്ന അവസ്ഥ ഒഴിവാക്കി പൂർവസ്ഥിതിയിൽ ആക്കി തരണമെന്നും മുടങ്ങാതെ വൈദ്യുതി ലഭ്യമാക്കണമെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ജെജെഎം- ചേന്ദമംഗലം പഞ്ചായത്ത്- ജലശുദ്ധീകരണ പ്ലാന്റിന്റെ മെച്ചപ്പെടുത്തൽ- ചൊവ്വരയിലെ 63 MLD WTP യുടെ ശേഷി മെച്ചപ്പെടുത്തുന്നു, ഫിൽട്ടർ ബെഡ് നമ്പർ 6&7 ലെ കേടുപാടുകൾ പരിഹരിച്ചതിന് ശേഷം നിലവിലുള്ള റാപ്പിഡ് സാൻഡ് ഫിൽട്ടർ മീഡിയയ്ക്ക് പകരം ആന്ത്രാസൈറ്റ് ഉപയോഗിച്ച് ഡ്യുവൽ മീഡിയ ഫിൽട്ടർ സ്ഥാപിക്കുന്ന പ്രവൃത്തി | 127 | ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് പുതിയ പ്രൈസ് 3 ൽ പുതുക്കിയിട്ടുണ്ട്. |
| 2 | ജെജെഎം-വടക്കേക്കര പഞ്ചായത്ത്- ജല ശുദ്ധീകരണ പ്ലാന്റിന്റെ മെച്ചപ്പെടുത്തൽ- 600 HP വിതരണവും സ്ഥാപിക്കലും, VT പമ്പ് സെറ്റ്, 11 KV സബ് സ്റ്റേഷന്റെ വൈദ്യുത നവീകരണ പ്രവർത്തനങ്ങളും അനുബന്ധ ജോലികളും | 133 | എഗ്രിമെന്റ് വച്ചു. കോൺട്രാക്ടർ പമ്പ് സപ്ലൈ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| 3 | ജെജെഎം -നായരമ്പലം പഞ്ചായത്ത്- ജലശുദ്ധീകരണ പ്ലാന്റിന്റെ മെച്ചപ്പെടുത്തൽ- ചൊവ്വരയിലെ 63mld പ്ലാന്റിൽ 600 HP നമ്പർ 1&3 മോട്ടോറുകളുടെ 430KWFCMA സോഫ്റ്റ് സ്റ്റാർട്ടറും 2000 KVA ട്രാൻസ്ഫോർമറിന്റെ നവീകരിക്കലും അനുബന്ധ ജോലികളും | 11.5 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 4 | ജെ.ജെ.എം. ഏഴിക്കര പഞ്ചായത്ത് - ജലശുദ്ധീകരണ പ്ലാന്റിന്റെ മെച്ചപ്പെടുത്തൽ - സ്റ്റോർ റൂം നിർമ്മാണം, ചൊവ്വരയിലെ 63mld പ്ലാന്റിന്റെ പെയിന്റിംഗ് ജോലികൾ | 71 | പ്രവൃത്തി പൂർത്തീകരിച്ച് വരുന്നു |

| | | | |
|---|---|---|---|
| | ഉൾപ്പെടെ നിലവിലുള്ള 600 HP മോട്ടോർ/പമ്പ്സെറ്റിന്റെ അറ്റകുറ്റപ്പണി/നവീകരണവും അനുബന്ധ ജോലികളും | | |
| 5 | ജെജെഎം-എടവനക്കാട് പഞ്ചായത്ത്-ജല ശുദ്ധീകരണ പ്ലാന്റിന്റെ മെച്ചപ്പെടുത്തലുകൾ-ആലുവയിലെ കെ.എസ്.ഇ.ബി. സബ് സ്റ്റേഷനിൽ നിന്നും കെ.എസ്.ഇ.ബി. ഫീഡർ ലൈൻ നൽകുന്നതിനും 63 എം.എൽ.ഡി. പ്ലാന്റിലേക്കുമുള്ള കെ.എസ്.ഇ.ബി.ക്കുള്ള നിക്ഷേപം, കെ.ഡബ്ല്യു.എ., ചൊവ്വരയിലെ മറ്റ് അനുബന്ധ ജോലികളും - ഭാഗം 1 | 57 | ചൊവ്വര WTP യ്ക്കടുത്തായി KSEB സബ് സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നതിനാലും 2024-25 വർഷത്തിൽ മേൽപ്പറഞ്ഞ സബ് സ്റ്റേഷൻ പണി പൂർത്തിയാകുമ്പോൾ 500 മീറ്ററിൽ താഴെ യു.ജി. കേബിൾ വലിച്ച് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുവാൻ സാധിക്കുമെന്ന് KSEB അറിയിച്ചിട്ടുള്ളതിനാലും ക്രമീകരിച്ചില്ല. |
| 6 | ചൊവ്വര WTP യ്ക്കടുത്തായി KSEB സബ് സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നതിനാലും 2024- 25 വർഷത്തിൽ മേൽപ്പറഞ്ഞ സബ് സ്റ്റേഷൻ പണി പൂർത്തിയാകുമ്പോൾ 500 മീറ്ററിൽ താഴെ യു.ജി. കേബിൾ വലിച്ച് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുവാൻ സാധിക്കും എന്ന് KSEB അറിയിച്ചിട്ടുള്ളതിനാലും ക്രമീകരിച്ചില്ല. | 83 | |